# സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി സമ്മർ ക്യാമ്പ് ആരംഭിച്ചു.

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും,സേവന സന്നദ്ധതയുമുള്ളതും നിയമത്തെ സ്വമേധയ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള പാഠ്യാനുബന്ധ പദ്ധതിയായ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 2017 വർഷത്തെ എറണാകുളം റൂറൽ ജില്ലാ സമ്മർ ക്യാമ്പ് ഇന്ന് (25.04.2017) ആരംഭിച്ചു. പെരുമ്പാവൂർ ഗവഃബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് ക്യാമ്പ് നടക്കുന്നത്.

500 സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും, 44 അദ്ധ്യാപകരും (കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ) നിരവധി പോലീസ് ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ഈ റെസിഡൻഷ്യൽ ക്യാമ്പിൽ വിദ്യാർത്ഥികളിൽ സമത്വബോധവും, മതേതര വീക്ഷണവും, നേതൃത്വപാഠവും, രാജ്യസ്നേഹവും വളർത്തിയെടുക്കുന്നതിനായി വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരുടെ ക്ലാസ്സുകളും, സാമൂഹ്യ സാംസ്കാരിക രംഗത്തെ വിശിഷ്ട വ്യക്തികളുമായി സംവാദവും ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലേയ്ക്കും മറ്റുമുള്ള സന്ദർശനവും ഉൾപ്പെടുത്തിയിരിക്കുന്നു.

സമൂഹത്തിൻെറ സർവ്വതോൻമുഖമായ പുരോഗതിക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹ സൃഷ്ടിക്കായി ഓരോ വിദ്യാർത്ഥിയേയും മാറ്റിയെടുക്കാൻ ലക്ഷ്യമിടുന്ന ഈ ക്യാമ്പിൻെറ ഉദ്ഘാടനം ഇന്ന് രാവിലെ 11.00 മണിയ്ക്ക് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ.എം.സി.ദിലീപ് കുമാർ നിർവ്വഹിച്ചു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് സ്വാഗതവും, എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സന്തോഷ് സി.എ മുഖ്യപ്രഭാഷണവും നടത്തി.പെരുമ്പാവൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി.സതി ജയകൃഷ്ണൻ, വൈസ് ചെയർപേഴ്സൺ നിഷ വിനയൻ, പെരുമ്പാവൂർ മുനിസിപ്പാലിറ്റി വിദ്യാഭ്യാസ സ്റ്റാൻൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി.ജെസ്സി എജി, മലയാറ്റൂർ ഡി.എഫ്.ഒ ഷെയ്ക്ക് ഹൈദർ ഐ.എഫ്.എസ്, ഫയർ & റസ്ക്യൂ എറണാകുളം ഡിവിഷണൽ ഓഫീസർ ശ്രീ.ആർ.പ്രസാദ്, എറണാകുളം അസി.എക്സൈസ് കമ്മീഷണർ ശ്രീ.ബെന്നി ഫ്രാൻസിസ്, പെരുമ്പാവൂർ ജോയൻറ് ആർ.ടി.ഒ ശ്രീ.എൻ.സി.അജിത്ത് കുമാർ, പെരുമ്പാവൂർ ഡി.വൈ.എസ്.പി ഇൻ ചാർജ്ജ് ശ്രീ.ജി.വേണു, സ്പെഷ്യൽ ബ്രാഞ്ച്

ഡി.വൈ.എസ്.പി ശ്രീ. വി. സുനിൽകുമാർ, പെരുമ്പാവൂർ മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീമതി. ഉഷാ ദിവാകരൻ, കോതമംഗലം ഡി.ഇ.ഒ ശ്രീമതി ടി.വി.രമണി, പെരുമ്പാവൂർ ജി.ബി.എച്ച്.എസ്.എസ് പ്രിൻസിപ്പാൾ ശ്രീമതി.നളിനകുമാരി, പെരുമ്പാവൂർ ജി.ബി.എച്ച്.എസ്.എസ് ഹെഡ്മാസ്റ്റർ ശ്രീ.വിനോദ്കുമാർ, പെരുമ്പാവൂർ എം.ഇ.ടി പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി. സുചിത്ര ഷൈജിന്ത്, പെരുമ്പാവൂർ ജി.ബി.എച്ച്.എസ്.എസ് പി.ടി.എ പ്രസിഡൻറ് ശ്രീ.പി.എ.ഷംസുദ്ദീൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറും ഡി.സി.ആർ.ബി ഡി.വൈ.എസ്.പി യുമായ ശ്രീ.ഷീൻ തറയിൽ കൃതജ്ഞത രേഖപ്പെടുത്തി.

അഞ്ച് ദിവസത്തോളം നീണ്ടു നിൽക്കുന്ന ക്യാമ്പ് 29.04.2017 തിയ്യതി നടക്കുന്ന പാസ്സിംഗ് ഔട്ട് പരേഡോടുകൂടി സമാപിക്കും. ക്യാമ്പിലെ ദൈനംദിന പരിപാടികളിൽ ഫിസിക്കൽ ട്രേയിനിംഗ്, കളരി, യോഗ, കരാട്ടെ, ഇൻഡോർ ക്ലാസ്സ്, ഫീൽഡ് വിസിറ്റ്, സെറിമോണിയൽ പരേഡ് പ്രാക്ടീസ്സ്, വിശിഷ്ട വ്യക്തികളുമായി സംവാദം, കലാപരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

